# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.60

### 29-05-2019 ൽ മറുപടിക്ക്

### കിഫ്ബി മസാല ബോണ്ടുകളുടെ പ്ലേസ്മെന്റ്

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ഏതൊക്കെ രാജ്യങ്ങളിലാണ് പ്രൈവറ്റായി പ്ലേസ്മെന്റ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ് കോങ്ങ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം പ്രോസ്പെക്ടസ് പുറപ്പെടുവിക്കേണ്ടത്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായിയാണ് മറ്റു രാജ്യങ്ങളിലെ നിയവവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ |
| (ബി) പ്രസ്തുത മസാല ബോണ്ടുകൾ പ്രൈവറ്റായി പ്ലേസ്മെന്റ് ചെയ്യുമ്പോൾ പലിശ നിരക്ക് തീരുമാനിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | |
| (സി) കിഫ്ബിയുടെ മസാല ബോണ്ടുകൾ കാനഡയിലെ ക്യൂബെക്കിൽ മാത്രം പ്രൈവറ്റ് പ്ലേസ്മെന്റ് ചെയ്യാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ? | |

| | |
|---|---|
| | കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിങ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ചലോകത്തിലെ എല്ലാ ഇൻസ്റ്റിട്യൂഷനൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യുബക് പ്രവിശ്യയിൽ മാത്രമായി നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല. നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് ബോണ്ടിന്റെ പലിശനിരക്ക് നിശ്ചയിക്കപ്പെട്ടുന്നത്. |

സെക്ഷൻ ഓഫീസർ